**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4862 | 14/11/2019-ൽ മറുപടിക്ക്

**<u>എച്ച്.എസ്.എ ഹിന്ദി പാലക്കാട് ജില്ലയിലെ നിയമനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ ഹിന്ദി പാലക്കാട് ജില്ലാ പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും 2017 ജൂലൈ മാസത്തിനുശേഷം എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; ഇനി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എത്ര ഒഴിവുകൾ നീക്കിവെച്ചിട്ടുണ്ട്; പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ പറ്റാത്ത ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ: | (എ) | 2017 ജൂലായ് മുതൽ എച്ച്.എസ്.എ (ഹിന്ദി) തസ്തികയിൽ ഇതുവരെ 35 നിയമനങ്ങൾ നടന്നിട്ടുണ്ട്. 2019-20 വർഷത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിനായി 2 ഒഴിവുകളും 1 ഒഴിവ് സ്ഥാനക്കയറ്റത്തിനും മാറ്റിവച്ചിട്ടുണ്ട്. സ്ഥലംമാറ്റത്തിനായി ഒരാൾ മാത്രമേ ജില്ലയിലേക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ആയതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റി വച്ച 2 ഒഴിവുകളിൽ നിന്നും 1 ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൻെറ കാലാവധി എന്നാണ് അവസാനിക്കുന്നത്; | (ബി) | 12/07/2020-ന് |
| (സി) | അന്തർജില്ലാ സ്ഥലംമാറ്റത്തിലൂടെ വന്നിട്ടുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 2 ഒഴിവുകളാണ് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റിവച്ചിട്ടുള്ളത്. ആയതിൽ മലപ്പുറം ജില്ലയിൽ നിന്നും ശ്രീമതി.സുധ കെ. എന്ന അധ്യാപിക അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് |
| (ഡി) | നിലവിൽ പാലക്കാട് ജില്ലയിൽ എച്ച്.എസ്.എ ഹിന്ദി സംരക്ഷിത അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?. | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.